**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5589** — **15-03-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിൽ നിന്നുമുള്ള ധനസഹായ വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. വി. അബ്ദുറഹിമാൻ**<br>**(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാന വഖഫ് ബോർഡിൽ നിന്നും നൽകിവരുന്ന സാമൂഹ്യ ക്ഷേമ പദ്ധതികളായ പ്രതിമാസ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവ കഴിഞ്ഞ നാല് വർഷമായി വിതരണം ചെയ്യിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിക്കായി വഖഫ് ബോർഡിന് സർക്കാർ നല്കി വരുന്ന സ്പെഷ്യൽ ഗ്രാന്റിൽ നിന്നും പ്രതിമാസ ധനസഹായം (പെൻഷൻ), മാരക രോഗം ബാധിച്ചവർക്കുള്ള ചികിൽസാ ധനസഹായം, നിർദ്ധനരായ മുസ്ലീം പെൺകുട്ടികളുടെ വിവാഹ ധനസഹായം എന്നീ ഇനങ്ങൾക്ക് കഴിഞ്ഞ നാല് വർഷം താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്യിട്ടുണ്ട്.

| **സാമ്പത്തിക വർഷം** | **പ്രതിമാസ ധനസഹായം (പെൻഷൻ)** | **ചികിത്സാ ധനസഹായം** | **വിവാഹ ധനസഹായം** |
|---|---|---|---|
| 2018-19 | 50,02,143.00 | 39,90,000.00 | -- |
| 2019-20 | 40,09,051.00 | 66,70,000.00 | 20,90,000.00 |
| 2020-21 | 1,43,03,719.00 | 26,85,000.00 | 73,55,000.00 |
| 2021-22 | 54,75,432.00 | 1,80,000.00 | 79,50,000.00 |

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ഇപ്പോൾ കെട്ടിക്കിടക്കുന്നതെന്നും ധനസഹായത്തിനായി 2022-23 വർഷത്തെ ബജറ്റിൽ അനുവദിച്ച 1.32 കോടിയിൽ എത്ര തുക നാളിതുവരെ ബോർഡിന് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സാമൂഹ്യക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ വഖഫ് ബോർഡ് സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ളതും തീർപ്പ് കൽപ്പിക്കാൻ കുടിശ്ശികയായതുമായ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | തുക |
|---|---|---|
| പ്രതിമാസ ധനസഹായം (പെൻഷൻ) (ഒക്ടോബർ 2022 മുതൽ മാർച്ച് 2023 വരെ) | 537 @ 6000/- | 32,22,000/- |
| പ്രതിമാസ ധനസഹായം (ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ വൈകിയവർ) | 463 @ 12,000/- | 55,56,000/- |
| ചികിൽസാ ധനസഹായം (14-07-2022-ലെ സാങ്ഷൻകമ്മിറ്റി പാസ്സാക്കിയ 1716 അപേക്ഷകളിൽ കൊടുക്കുവാൻ ബാക്കിയുള്ളത് | 1406 @ 15,000/- | 2,10,90,000/- |
| വിവാഹ ധനസഹായം (28-05-2018 ൽ പാസാക്കിയതിൽ ബാക്കി കൊടുക്കുവാനുള്ളത് 475 ഉം, 14-07-2022ൽ പാസാക്കിയ 2575 ഉം ഉൾപ്പെടെ | 3050 @ 10,000/- | 3,05,00,000/- |
| ഇസ്ലാമിക് ചെയർ (2021-2022 വർഷത്തെ) | 1 | 3,00,000/- |

| | | | |
|---|---|---|---|
| | | | വർഷത്തെ<br>ആകെ 6,06,68,000/-<br><br>2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 1 കോടി 32 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 1 കോടി രൂപ വഖഫ് ബോർഡിന് അനുവദിച്ചിട്ടുണ്ട്. അവസാന ഗഡുവായി റിലീസ് ചെയ്യ 32 ലക്ഷം രൂപ വഖഫ് ബോർഡിന് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | വഖഫ് ബോർഡ് സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയ ധനസഹായ അപേക്ഷകൾ തീർപ്പ് കല്പിക്കാൻ ആവശ്യമായ ആറ് കോടി രൂപ ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; നിലവിലുള്ള കുടിശികതുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | നിലവിൽ അധിക തുക നീക്കി വെച്ച് ഉത്തരവ് ആയിട്ടില്ല. ബജറ്റിൽ അധിക തുക അനുവദിക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ സാധിക്കും. |
| (ഡി) | പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | സി പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ